**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 660** **28-01-2026 - ൽ മറുപടിയ്ക്ക്**

**പി.എം.ഇ.ജി.പി. സബ്സിഡി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ഡി കെ മുരളി | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങൾക്കും വനിതകൾക്കും സ്വയംതൊഴിൽ കണ്ടെത്താൻ സഹായം നൽകുന്ന കേന്ദ്ര പദ്ധതിയായ പി.എം.ഇ.ജി.പി. മുഖാന്തിരമുള്ള സബ്സിഡി സഹായം ഇപ്പോൾ ലഭ്യമാകുന്നില്ലായെന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ; | (എ) | പട്ടിക ജാതി- പട്ടിക വർഗ്ഗ വിഭാഗങ്ങൾക്കും വനിതകൾക്കും സ്വയം തൊഴിൽ കണ്ടെത്താൻ സഹായം നൽകുന്ന കേന്ദ്രാവിഷ്കൃത പദ്ധതിയായ പ്രധാനമന്ത്രിയുടെ തൊഴിൽ ദാന പദ്ധതി(പി.എം.ഇ.ജി.പി) 2025-26 സാമ്പത്തിക വർഷത്തിലും സംസ്ഥാനത്ത് നോഡൽ ഏജൻസിയായ കെ.വി.ഐ.സി (ഖാദി ആൻഡ് വില്ലേജ് ഇൻഡസ്ട്രീസ് കമ്മീഷൻ ) നടപ്പിലാക്കി വരുന്നു. ഈ വർഷം പട്ടിക ജാതി- പട്ടിക വർഗ്ഗ വിഭാഗങ്ങൾക്ക് മാത്രമേ സബ്സിഡി നൽകുന്നുള്ളൂ എന്ന് കേരള ഖാദി ആൻഡ് വില്ലേജ് ഇൻഡസ്ട്രീസ് കമ്മീഷനിൽ നിന്നും അറിയിച്ചിട്ടുണ്ട്<br><br>പൊതു വിഭാഗം, പ്രത്യേക വിഭാഗം [SC/ST/OBC/Women/Ph/Ex-service] എന്നിങ്ങനെ രണ്ട് വിഭാഗങ്ങളിലായാണ് സഹായ ധനം ലഭിച്ച് വരുന്നത്.<br><br>പ്രധാനമന്ത്രിയുടെ തൊഴിൽ ദാന പദ്ധതിയുടെ നടത്തിപ്പുമായി ബന്ധപ്പെട്ട സമഗ്ര വിവരം ലഭ്യമായ പി.എം.ഇ.ജി.പി പോർട്ടലിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ 2025-26 സാമ്പത്തിക വർഷത്തിൽ (21.01.2026 വരെ) 2858 പ്രൊജക്റ്റുകൾക്ക് ആയി 8073.65 ലക്ഷം രൂപയുടെ മാർജിൻ മണി വിതരണം ചെയ്യുവാനുള്ളതായിട്ടുണ്ട്.<br><br>പൊതുവിഭാഗത്തിൽപ്പെട്ടവർക്കും പ്രത്യേക വിഭാഗത്തിൽപ്പെട്ട (പട്ടികജാതി, പട്ടികവർഗ്ഗം, പിന്നാക്കം, ന്യൂനപക്ഷം, ഭിന്നശേഷിക്കാർ, ട്രാൻസ്ജെൻഡേഴ്സ് , എക്സ് സർവ്വീസ് , വനിതകൾ , NER , Aspirational ജില്ലകൾ, Hill & Border area ( as notified by government) എന്നിവർക്കാണ് പി.എം.ഇ.ജി.പി പദ്ധതി പ്രകാരം സഹായധനം ലഭിച്ചിരുന്നത്. 21-01-2026 വരെയുള്ള കണക്ക് |

| | | | |
|---|---|---|---|
| | | | പ്രകാരം 1923.56 ലക്ഷം രൂപ കുടിശ്ശികയായിട്ടുണ്ട്. 9-1-2023ന് അനുവദിച്ച വായ്പയുടെ സബ്സിഡി 31-3-2023 ൽ ലഭ്യമായ ശേഷം,സബ്സിഡി ക്രമരഹിതമാണ്. മുൻവർഷങ്ങളിൽ മാർജിൻമണി കുടിശ്ശികയായിട്ടുള്ള ചില സംരംഭകർക്ക് 2024 ലും 2025 ലുമായി സബ്സിഡി ലഭിച്ചിരിക്കുന്നു |
| (ബി) | ആർക്കെല്ലാമാണ് സഹായധനം ലഭിച്ചിരുന്നതെന്നും, എത്ര കുടിശ്ശികയാണ് കേന്ദ്ര സർക്കാരിൽ നിന്ന് ലഭിക്കാനുള്ളതെന്നും, എന്ന് മുതൽക്കാണ് ഇവ ലഭ്യമാകാതെ വന്നതെന്നും അറിയിക്കാമോ? | (ബി) | മേൽ ( എ) പിരിവിലെ മറുപടി കണ്ടാലും. |

സെക്ഷൻ ഓഫീസർ